# ബസ് ഓൺ ഡിമാൻഡ് (BOND)

**മലയാളികളുടെ ജീവിതത്തിന്റെ ഭാഗമായ കെ.എസ്.ആർ.ടി.സി "BonD" (Bus on Demand) എന്ന പേരിൽ പുതിയ സർവ്വീസുകൾ പരീക്ഷണാടിസ്ഥാനത്തിൽ ആരംഭിക്കുന്നു...**

വാഹനപ്പെരുപ്പത്തിന്റെ ദൂഷ്യവശങ്ങൾ ഏറെ അനുഭവിക്കുമ്പോഴും വീണ്ടും വീണ്ടും വാഹനങ്ങൾ വാങ്ങിക്കൂട്ടി ഉപയോഗിക്കാൻ നമ്മൾ മടി കാട്ടാറില്ല എന്നത് ഒരു വസ്തുതയാണ്. അതിൽ തന്നെ ഇരുചക്ര വാഹനങ്ങളുടെ പെരുപ്പം ക്രമാതീതമാണ്. ഫലമോ? ഗതാഗത കുരുക്കും വാഹനാപകടങ്ങളും വായു മലിനീകരണവും ശാരീരികമായ മറ്റ് അസ്വാസ്ഥ്യങ്ങളും...

സർക്കാർ ഉദ്യോഗസ്ഥരെയും സ്വകാര്യ മേഖലയിലും മറ്റും സ്ഥിരമായി ജോലിക്ക് പോകുന്നവരെയും സംബന്ധിച്ചാണെങ്കിൽ അതിരാവിലെ സ്ഥിരമായി നഗരത്തിരക്കിലൂടെ വായു മലിനീകരണത്തിന്റെ ദൂഷ്യഫലങ്ങളും അനുഭവിച്ച് ജോലിക്കെത്തുമ്പോഴേക്കും ജോലി ചെയ്യാനുള്ള ഊർജ്ജം തന്നെ നഷ്ടമായിട്ടുണ്ടാവും. തുടർച്ചയായി ഇരുചക്ര വാഹനം ഓടിക്കുന്നതു മൂലം കാലക്രമേണ ഉണ്ടാകുന്ന സ്പോണ്ടലൈറ്റിസ്, നടുവേദന തുടങ്ങിയ അനിവാര്യമായ രോഗാവസ്ഥകളും അവരെ ആശങ്കാകുലരാക്കുന്നുണ്ട്.

**BonD അഥവാ Bus on Demand എന്ന പദ്ധതിയിലൂടെ ഇതിനൊക്കെ പരിഹാരം കാണുകയാണ് കെ.എസ്.ആർ.ടി.സി..**

# <u>ബസ് ഓൺ ഡിമാൻഡ് (BOND)</u>

സ്ഥിര യാത്രികർക്കായി KSRTC യുടെ **ബസ് ഓൺ ഡിമാൻഡ്' (BOND)** പദ്ധതിയുടെ രജിസ്ട്രേഷൻ റാന്നിയിൽ ആരംഭിച്ചിരിക്കുന്നു

**നിങ്ങളുടെ പേരും,പൂർണ്ണമായ വിലാസവും, യാത്ര തുടങ്ങേണ്ട സ്ഥലം,സമയം,മുൻകൂട്ടി രജിസ്റ്റർ ചെയ്യേണ്ടതാണ്.**

താഴെ കൊടുത്തിരിക്കുന്ന ലിങ്ക് ഉപയോഗിച്ച് ഓൺലൈൻ വഴിയും രജിസ്റ്റർചെയ്യാവുന്നതാണ്.

## https://forms.gle/x3wzSvqTsKkGLkB26

**കൂടുതൽ വിവരങ്ങൾക്ക് ബന്ധപ്പെടുക:**

**Office :04735-225253**

**Mob: 9961361979**

**Mob: 9446670952**

# ബസ് ഓൺ ഡിമാൻഡ് (BOND)

സ്ഥിര യാത്രികർക്കായി KSRTC യുടെ **ബസ് ഓൺ ഡിമാൻഡ്' (BOND)** പദ്ധതിയുടെ രജിസ്ട്രേഷൻ **റാന്നിയിൽ** ആരംഭിച്ചിരിക്കുന്നു.

**BonD- Bus on Demand എന്ന പദ്ധതിയുടെ സവിശേഷതകൾ...**

- ► ഈ സൗകര്യം ഉപയോഗിക്കുന്ന യാത്രക്കാരുടെ ലാസ്റ്റ് മൈൽ കണക്ടിവിറ്റി ഉറപ്പാക്കുന്നതിനായി **ഇരുചക്രവാഹനങ്ങൾ** കെ.എസ്.ആർ.ടി.സി ബസ് സ്റ്റേഷനുകളിൽ സുരക്ഷിതമായി സൂക്ഷിക്കുന്നതിനുള്ള സൗകര്യം ഒരുക്കുന്നതാണ്.
- ► യാത്രക്കാർക്ക് സീറ്റുകൾ ഉറപ്പായിരിക്കും.
- ► അവരവരുടെ ഓഫീസിന് മുന്നിൽ ബസ്സുകൾ യാത്രക്കാരെ ഇറക്കുകയും കയറ്റുകയും ചെയ്യുന്നതാണ്.
- ► ഈ സർവീസുകളിൽ 5,10, 15, 20, 25 ദിവസങ്ങളിലേക്കുള്ള പണം മുൻകൂറായി അടച്ച് യാത്രക്കുള്ള "BonD" സീസൺ ടിക്കറ്റുകൾ ഡിസ്കൗണ്ടോടു കൂടി കൈപ്പറ്റാവുന്നതാണ്.